അടിസ്ഥാനപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

# VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2009

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

***Prepared by*** :
State Council of Educational
Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com

© Government of Kerala • Department of Education • 2009

പ്രിയപ്പെട്ട കുട്ടികളേ,

മാതൃഭാഷയുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ
നിങ്ങൾക്ക് അവസരം ലഭിച്ചിരിക്കുകയാണ്.

നമ്മുടെ സംസ്കാരത്തിന്റെ നിധികുംഭങ്ങൾ നിങ്ങൾക്ക്
സ്വന്തമാകാൻ പോകുന്നു.

ഈടുറ്റ സാഹിത്യത്തിന്റെ ലോകത്ത് ഇനി യഥേഷ്ടം സഞ്ചരിക്കാം.

അറിവിനും അനുഭൂതിക്കും വേണ്ടി, കൂട്ടുകൂടാനും
പങ്കുവയ്ക്കാനും ഈ പഠനം സഹായകമാവും.

നമ്മൾ നിരന്തരം പറയുകയും എഴുതുകയും ചെയ്യുന്ന ഭാഷയിൽ
എത്രയെത്ര രഹസ്യങ്ങളാണ് ഒളിഞ്ഞിരിക്കുന്നത്!

അറിയുന്തോറും ഇനിയും അറിയാൻ ഏറെ ബാക്കിയാവുന്നു.

ഭാഷാപഠനം കൗതുകവും ആവേശവും ഉണർത്തുന്ന പ്രവർത്തനമാണ്.

നാം ജീവിക്കുന്ന സമൂഹത്തെയും പ്രകൃതിയെയും
അറിയാനും അവയുടെ സുസ്ഥിതിക്കായി പ്രവർത്തിക്കാനും
നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും
ഭാഗമാവാനും ഈ പഠനം സഹായകമാവും.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

**ശില്പശാലയിൽ പങ്കെടുത്തവർ**

ശ്രീ. അബ്ദുൽനാസർ ടി.
ശ്രീ. ആമച്ചൽ സുരേന്ദ്രൻ
ശ്രീ. ഉണ്ണികൃഷ്ണൻ എ.കെ.
ശ്രീ. എം.എൻ. കാരശ്ശേരി
ശ്രീമതി ഗീതാദേവി
ശ്രീ. ദിനേശൻ പി.
ശ്രീ. പ്രഭാകരൻ വി.പി.
ശ്രീ. ബിജു ജി.എസ്.
ശ്രീ. മുഹമ്മദ്നസീർ എ.
ശ്രീ. രാധാകൃഷ്ണൻ കാക്കശ്ശേരി
ശ്രീ. രാമകൃഷ്ണൻ കുമരനല്ലൂർ
ശ്രീ. രാവുണ്ണി
ശ്രീ. സജീഷ് നാരായണൻ
ശ്രീമതി സംഗീത കെ.കെ.പി.

**ചിത്രകാരന്മാർ**

ശ്രീ. സചീന്ദ്രൻ
ശ്രീ. ശ്യാം വി.കെ.

**വിദഗ്ധർ**

ശ്രീമതി സി.പി. ചിത്ര
ഡോ. എൻ.സി ഹരിദാസ്

**അക്കാദമിക് കോഡിനേറ്റർ**

ശ്രീമതി അൽഫോൻസ പി.എം.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1. **വിശ്വം സ്നേഹമയം**
    - അമ്മ
    - യാത്രാമൊഴി

2. **ഇല്ലം നിറ വല്ലം നിറ**
    - വേരുകൾ
    - ഒലി
    - ഒക്കൽ

3. **പ്രപഞ്ചശില്പികൾ**
    - കാണാപ്പൊന്നു തേടി
    - പാതകൾ പണിയുന്നവർ
    - ഒരുരുള ചോറ്
    - തൂപ്പുകാരി



# 1
# വിശ്വം സ്നേഹമയം

"ഒരു രാത്രി ബോട്ടുമാർഗം ഞാൻ വൈക്കത്തെത്തി. അവിടെനിന്ന് തലയോലപ്പറമ്പിലേക്കു നടന്നു. നാലഞ്ചു മൈലുണ്ട്. നല്ല ഇരുട്ട്. പാമ്പും മറ്റും ഉള്ള വഴിയാണ്. ശ്രുവേലിക്കുന്നിനടുത്ത് ഒരു മാങ്കൊമ്പിൽ ഒരാൾ കെട്ടിത്തൂങ്ങി ചത്തിട്ടുണ്ടായിരുന്നു. രാത്രി മൂന്നുമണി കഴിഞ്ഞിരുന്നു. ഞാൻ വീട്ടിൽ, മുറ്റത്തു ചെന്നപ്പോൾ 'ആരാത്?' എന്ന് എന്റെ മാതാവ് ചോദിച്ചു. ഞാൻ വരാന്തയിൽ കയറി. അമ്മ വിളക്കുകൊളുത്തി ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി എന്നോടു ചോദിച്ചു:


"നീ വല്ലതും കഴിച്ചോ മകനേ?"

ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങിക്കിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു! വെള്ളവും കിണ്ടിയും കൊണ്ടുവച്ചിട്ട്, മാതാവ് എന്നോടു കൈകാലുകൾ കഴുകാൻ പറഞ്ഞു. എന്നിട്ടു ചോറുമ്പാത്രം നീക്കിവച്ചുതന്നു. വേറൊന്നും ചോദിച്ചില്ല.


എനിക്കത്ഭുതം തോന്നി: "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?"

അമ്മ പറഞ്ഞു: "ഓ...ചോറും കറിയുംവച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും."

***ഓർമക്കുറിപ്പുകൾ*** ***വൈക്കം മുഹമ്മദ് ബഷീർ***



- ഏറെക്കാലമായി വീടുവിട്ടുപോയ മകനുവേണ്ടി, എല്ലാ ദിവസവും ചോറുമായി കാത്തിരിക്കുന്ന ഉമ്മയുടെ പ്രവൃത്തി 'ഓ...' എന്നു മൂളിക്കളയാവുന്നത്ര നിസ്സാരമാണെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിക്കൂ.



# അമ്മ

ഇരുപതു പൈസയ്ക്കു പച്ചക്കറി വാങ്ങി മടങ്ങുന്ന ആ വൃദ്ധയെ ഒരു മെഴ്സിഡസ് കാർ തള്ളിയിട്ടു. അവർക്ക് തന്റെ വലത്തേ കാൽ ചതഞ്ഞെന്നു തോന്നി. പക്ഷേ, അയ്യോ എന്നു നിലവിളിക്കാൻ നാവുയർന്നില്ല; വേദനകൊണ്ട് മരവിച്ചിരുന്നു.

കാർ ഒരു സീൽക്കാരത്തോടെ ധൃതിയിൽ ഓടിപ്പോയി. വൃദ്ധ ചിതറിക്കിടക്കുന്ന വെണ്ടയ്ക്കകളുടെ ഇടയിൽ, ആ തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞുകിടന്നു. വേദന എല്ലാ അവയവങ്ങളെയും മരവിപ്പിച്ചിരുന്നു. എങ്കിലും എപ്പോഴും ഒരു കൊഴുത്ത വെള്ളം ഒഴുകിക്കൊണ്ടിരുന്ന ആ കണ്ണുകൾക്കു മരവിച്ചയുണ്ടായിരുന്നില്ല. വെളുത്ത സാരിയിൽ ഒരു ചുവന്ന വൃത്തം വളർന്നു വികസിച്ചുവരുന്നത് അവർ നോക്കിക്കൊണ്ടിരുന്നു.

തന്റെ സൈക്കിൾ നിർത്തി ഒരു പാൽക്കാരൻ അവരുടെ അടുത്തേക്കു ചെന്നു.

"എന്തുപറ്റി അമ്മേ"– അയാൾ ചോദിച്ചു. കാർ ആ വൃദ്ധയെ തട്ടിയിടുന്നത് അയാൾ കണ്ടിരുന്നു.

അമ്മേ എന്ന ആ വിളി കേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടുകിട്ടിയ പോലെ അനുഭവപ്പെട്ടു. കാരണം, കുറച്ചു കൊല്ലങ്ങളായി,

അവരെ അങ്ങനെ ആരും സംബോധന ചെയ്തിട്ട്. അഞ്ചോ ആറോ കൊല്ലങ്ങൾക്കുമുമ്പ്, തന്റെ മക്കൾ അമ്മേ അമ്മേ എന്ന് എത്ര തവണ വിളിച്ചിരുന്നു! അന്ന് അവർ തന്നെ ഉപേക്ഷിച്ച് പുറംരാജ്യങ്ങളിലേക്കു പോയ്ക്കഴിഞ്ഞിരുന്നില്ല. അന്നു താനും സ്നേഹിക്കപ്പെട്ടവളായിരുന്നു...

എത്ര തുണികൾ അലക്കിക്കഴിഞ്ഞു, തന്റെ കൈകൾകൊണ്ട്! എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടിക്കഴിഞ്ഞു! ഇനി ചെയ്യാൻ ബാക്കിയൊന്നുമില്ലെന്ന സ്ഥിതിയായി. മക്കൾ ഭാര്യമാരെയും കൊണ്ട് രാജ്യം വിടുകയും ചെയ്തു!

''എന്താണ് പറയുന്നത്? എനിക്ക് ഒന്നും മനസ്സിലാവുന്നില്ല'' - പാൽക്കാരൻ അവരുടെ നേർക്കു തലകുനിച്ചുകൊണ്ടു പറഞ്ഞു. അയാൾ അവരെ സാവധാനത്തിൽ എഴുന്നേൽപ്പിച്ച് ഇരുത്തി. അവരുടെ വലത്തേ കാലിൽനിന്ന് അപ്പോഴും ചോരയൊഴുകിക്കൊണ്ടിരുന്നു; ചുവപ്പുള്ളതും ചൂടുള്ളതുമായ ചോര. രക്തത്തിനു നരയില്ലല്ലോ; വാർധക്യലക്ഷണങ്ങളില്ലല്ലോ.

ഒരു പോലീസുകാരൻ അപ്പോഴേക്കും അവിടെ പുസ്തകങ്ങളുമായി പ്രത്യക്ഷപ്പെട്ടു.

''താനാണോ ഇവരെ വീഴ്ത്തിയിട്ടത്?'' അയാൾ പാൽക്കാരനോടു ചോദിച്ചു.

''ഇതെന്തു ഭ്രാന്ത്!'' പാൽക്കാരൻ പറഞ്ഞു: ''ഇവരെ ഒരു കറുത്ത ബിലാത്തിക്കാറാണ് വീഴ്ത്തിയിട്ടത്. അതു നിൽക്കാതെ ഓടിക്കളഞ്ഞു. ഞാനെന്തിന് ഈ വൃദ്ധയെ വീഴ്ത്തിയിടുന്നു? എനിക്കു കണ്ണില്ലെന്നുണ്ടോ? എനിക്കു തലയ്ക്കു നൊസ്സുണ്ടോ?''

''ശരി, ശരി. എന്നാൽ താനാണ് ഈ കേസിന്റെ ദൃക്സാക്ഷി'' - പോലീസുകാരൻ പറഞ്ഞു: ''പറയൂ, എന്താണ് പേര്?''

''എന്റെ പേര് ബോലേറാം എന്നാണ്.''

''അച്ഛന്റെ പേരോ?''

''അച്ഛന്റെ പേര് മോത്തീറാം.''

''തന്റെ സ്വദേശം എവിടെയാണ്?''

'ഇമാംഗഞ്ച്'

''ഇമാംഗഞ്ചോ? അതെവിടെക്കിടക്കുന്നു?''

''ഇതെന്തൊരു ഭ്രാന്താണ്!'' പാൽക്കാരൻ അക്ഷമനായി പറഞ്ഞു: ''ഗയയുടെ അടുത്താണല്ലോ ഇമാംഗഞ്ച്. ഇത്രകൂടി പോലീസുകാർക്ക് അറിയില്ലെന്നോ?''

''അയ്യോ! എനിക്കു തീരെ വയ്യ'' - വൃദ്ധ ആവലാതിപ്പെട്ടു.

''ഇവരെ വല്ല ഡോക്ടറുടെയും അടുത്ത് എത്തിക്കട്ടെ'' - പാൽക്കാരൻ പറഞ്ഞു: ''എന്നിട്ടാവാം, തന്റെ ചോദ്യവും ഉത്തരവും. ഇവരുടെ കാലിൽനിന്നു ചോര ഒഴുകുന്നതു തനിക്കു കാണാനില്ലേ?''

''ചോദ്യങ്ങൾ മുഴുവനാക്കാതെ ഞാനെങ്ങനെ ഈ കേസ് റിപ്പോർട്ട് ചെയ്യും?'' പോലീസുകാരൻ ചോദിച്ചു.

''റിപ്പോർട്ട് ചെയ്യുന്നു! നിങ്ങൾക്കും ഒരമ്മയില്ലേ! ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറിനിൽക്കിൻ. ഞാനൊരു ടാക്സി വിളിക്കട്ടെ.''


''അയ്യോ എനിക്കു തീരെ വയ്യല്ലോ'' – വൃദ്ധ ആവലാതിപ്പെട്ടു.

പാൽക്കാരൻ ഒരു ടാക്സി നിർത്തി, അതിലേക്ക് വൃദ്ധയെ താങ്ങിയെടുത്തുവച്ചു.

''ഡോക്ടറുടെ അടുത്തേക്ക്'' – അയാൾ ടാക്സിഡ്രൈവറോടു പറഞ്ഞു: ''കാലിൽനിന്ന് ചോര ഒലിക്കുന്നത് നിർത്തട്ടെ. കാൽമണിക്കൂറായി ഇതു തുടങ്ങിയിട്ട്.''

''ഇത് നിങ്ങളുടെ അമ്മയാണോ?'' ടാക്സിഡ്രൈവർ ചോദിച്ചു.

''എന്റെ അമ്മയല്ല'' – പാൽക്കാരൻ പറഞ്ഞു: ''എന്റെ അമ്മയാണെങ്കിൽ ഈ വയ്യാത്ത കാലത്തു പച്ചക്കറിവാങ്ങാൻ ഞാനവരെ പുറത്തേക്കയയ്ക്കുകയില്ല. ഇവരെ ഞാനിന്ന് ആദ്യം കാണുകയാണ്. ഒരു കറുത്ത ബിലാത്തിക്കാറ് ഇവരെ തട്ടിയിട്ട് കാല് ആകെ ചതച്ചിരിക്കുന്നു... എനിക്കു പലയിടത്തും പാലെത്തിക്കണം. നിങ്ങൾക്കു ഞാൻ പണം തരാം. ഇവരെ ഒരു ഡോക്ടറുടെ അടുത്ത് എത്തിക്കാമോ?''



''പണമൊന്നും വേണ്ട, ഞാനെത്തിക്കാം''– ടാക്സിഡ്രൈവർ പറഞ്ഞു.

ഡോക്ടറുടെ മുറിയിലേക്ക്, താങ്ങിയെടുത്തുകൊണ്ടാണ് അയാൾ ആ വൃദ്ധയെ കൊണ്ടുചെന്നത്.

''എന്തുപറ്റി?'' ഡോക്ടർ ചോദിച്ചു.

''ഇവരെ ഒരു ബിലാത്തിക്കാറ് വീഴ്ത്തിയിട്ടു'' – ഡ്രൈവർ പറഞ്ഞു: ''കാലിന്മേൽ ചതവുപറ്റിയിരിക്കുന്നു.''

''ഇവിടെ കിടക്കൂ അമ്മേ'' – ഡോക്ടർ ആ വൃദ്ധയെ കട്ടിലിൽ പിടിച്ചുകിടത്തി. വീണ്ടും 'അമ്മേ' എന്ന വിളി. വൃദ്ധ കണ്ണുകൾ മിഴിച്ചു ചുറ്റും നോക്കി. ഡോക്ടർ ആ മുറിഞ്ഞ കാൽ പരിശോധിക്കുകയായിരുന്നു.

''അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?''

ഈ ചോദ്യം പണ്ടൊരിക്കലും താൻ കേട്ടുവല്ലോ – വൃദ്ധ ആലോചിച്ചു. പണ്ടൊരിക്കൽ താൻ തലവേദനിച്ചു കിടന്നപ്പോൾ പത്തുവയസ്സായ മകൻ വന്ന് അവന്റെ ചെറിയ കൈത്തലം തന്റെ നെറ്റിമേൽവച്ചു ചോദിച്ചു: ''അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?'' അവന്റെ കണ്ണുകൾ

നിറഞ്ഞിരുന്നു. അവനും എത്ര വേഗത്തിൽ മറ്റൊരാളായിത്തീർന്നിരിക്കുന്നു! അവനെ കണ്ടിട്ടുതന്നെ എത്ര കൊല്ലങ്ങളായി! കണ്ടാൽ തനിക്കു തിരിച്ചറിയാമോ?

''എന്താണ് പിറുപിറുക്കുന്നത്?'' ഡോക്ടർ ചോദിച്ചു: ''എനിക്കു മനസ്സിലാവുന്നില്ല. വേദനിക്കുന്നുണ്ടോ? ഞാനിപ്പോൾ സമാധാനമാക്കിത്തരാം.''

അയാൾ ചോര കഴുകിത്തുടച്ച് ആ മുറിവു കെട്ടി.

''എവിടെയാണ് താമസിക്കുന്നത്?'' അയാൾ ചോദിച്ചു.

''എവിടെയാണ് അമ്മേ നിങ്ങളുടെ വീട്?'' ടാക്സിഡ്രൈവർ ചോദിച്ചു.

'പഹാഡ്ഗഞ്ച്.'

''അവിടെ നിങ്ങളെ ശുശ്രൂഷിക്കാൻ മക്കളൊക്കെയില്ലേ?'' ഡോക്ടർ ചോദിച്ചു.

വൃദ്ധ തലകുലുക്കി.

''ഞാൻ അവരെ വിളിപ്പിക്കണോ?'' അയാൾ ചോദിച്ചു.

''വേണ്ട, ഞാൻ പൊയ്ക്കൊള്ളാം. എനിക്ക് ഒക്കെ മാറി'' – വൃദ്ധ പറഞ്ഞു:

''അവരെ പേടിപ്പിക്കുന്നത് എന്തിനാണ്?''

''ഞാൻ കൊണ്ടുപോയാക്കിത്തരണോ?''

''വേണ്ട, ഞാൻ എന്റെ വണ്ടിയിൽ കൊണ്ടുപോവാം''– ടാക്സിഡ്രൈവർ പറഞ്ഞു.

അയാൾ അവരെ വീണ്ടും താങ്ങിപ്പിടിച്ച് കാറിൽ കയറ്റിയിരുത്തി.

''വെണ്ടയ്ക്കയൊക്കെ പോയി''– വൃദ്ധ പിറുപിറുത്തു.

പഹാഡ്ഗഞ്ചിൽ അവർ കാണിച്ച വീടിന്റെ മുമ്പിൽ കാർ നിർത്തിക്കൊണ്ട് ഡ്രൈവർ പറഞ്ഞു:

''അമ്മയെ മക്കളുടെ അടുത്താക്കിയിട്ടേ ഞാൻ മടങ്ങുകയുള്ളു.''

''അതൊന്നും വേണ്ടാ, മകനേ,'' വൃദ്ധ പറഞ്ഞു: ''വെറുതെ കുട്ടികൾ പേടിക്കും. എന്റെ വേദന മാറി. ഞാൻ തന്നെ പൊയ്ക്കൊള്ളാം.''

അവർ തന്റെ കഴുത്തിൽ കെട്ടിയ ചരടിൽ തൂങ്ങിയിരുന്ന ഒരു താക്കോലുകൊണ്ട് വാതിൽ തുറന്ന്, അകത്തു കടന്നു.

ടാക്സിഡ്രൈവർ മടങ്ങിപ്പോയി.

വൃദ്ധ മുറിയിൽ കണ്ണോടിച്ചു. അല്ല! വെള്ളമെടുത്തുവയ്ക്കാൻ താൻ മറന്നുവെന്നോ? പച്ചക്കറിയുമില്ല, വെള്ളവുമില്ല, ഇന്ന് തനിക്ക് പട്ടിണി തന്നെ.

അവർ വെറും നിലത്ത്, ഒരു പായകൂടി വിരിക്കാൻ മിനക്കെടാതെ കിടന്നു. കരിഞ്ഞ മരങ്ങളുടെ വേരുകൾ, മണ്ണിൽ നിന്നു പിടിവിടുവിച്ച് മേൽപ്പോട്ട് ഉയരുന്നതുപോലെ, ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേൽപ്പോട്ട് വളഞ്ഞുകിടക്കുന്നു. കണ്ണുകളിൽനിന്നു കണ്ണുനീർ കലർന്ന ഒരു കൊഴുത്ത വെള്ളം ഒലിച്ചുകൊണ്ടിരുന്നു.

താൻ എല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു– അവർ തന്നത്താൻ പറഞ്ഞു. എത്ര തുണികൾ അലക്കിക്കഴിഞ്ഞു! എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടി. എത്ര തവണ ഉറക്കമൊഴിച്ചിരുന്ന് കുട്ടികളെ ശുശ്രൂഷിച്ചു! ഇപ്പോൾ അവരെല്ലാം വളർന്ന് അച്ഛന്മാരായി. ഇപ്പോൾ തന്നെക്കൊണ്ട് ആർക്കും ഒരാവശ്യവുമില്ലാതായി. കറുത്ത കാറിന് അതറിയാമായിരുന്നു.......

''അമ്മയ്ക്ക് വേദനിക്കുന്നുണ്ടോ?'' പത്തുവയസ്സായ മകൻ കണ്ണുനീരൊഴുകുന്ന മുഖത്തോടെ തന്നോടാണ് ആ ചോദ്യം ചോദിച്ചത്. അന്ന് അവൻ തന്നെ സ്നേഹിച്ചിരുന്നു.


വൃദ്ധയ്ക്ക് പെട്ടെന്ന് ചിരിക്കാൻ തോന്നി; കാരണം കിട്ടാത്ത ഒരാനന്ദം!

***മാധവിക്കുട്ടിയുടെ കഥകൾ (സമ്പൂർണം)*** ***കമലാ സുരയ്യ (മാധവിക്കുട്ടി)***

- ''അമ്മേ എന്ന വിളി കേട്ടപ്പോൾ വൃദ്ധയ്ക്ക് കുറച്ചു ശക്തി വീണ്ടുകിട്ടിയ പോലെ അനുഭവപ്പെട്ടു.'' അപ്പോൾ അമ്മയുടെ മനസ്സിലേക്കു കടന്നുവന്ന ചിന്തകൾ എന്തൊക്കെയാവാം? കുറിപ്പായെഴുതുക.
- ഈ കഥയിലെ കഥാപാത്രങ്ങൾ നാം നിത്യജീവിതത്തിൽ കാണുന്നവർ തന്നെയാണ്– ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും ഒരു സംഭവവുമായി ബന്ധപ്പെടുത്തി അഭിപ്രായം എഴുതുക.
- ''കറുത്ത കാറിന് അതറിയാമായിരുന്നു''– നേരിട്ടു പറയാതെ കാര്യങ്ങൾ വായനക്കാരിലെത്തിക്കാൻ ഇതുപോലെ ചില വാക്യങ്ങൾ കൊണ്ടു കഴിയും. ഇവിടെ വെളിപ്പെടുന്ന ആശയങ്ങൾ വിശദമാക്കുക. പൊൻകുന്നം വർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പ' തുടങ്ങിയ കഥകൾ വായിച്ച് ഇത്തരം സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.
- റോഡപകടത്തിൽപ്പെട്ട വൃദ്ധയെ രക്ഷിക്കാൻ ശ്രമിച്ച പാൽക്കാരന്റെയും ടാക്സി ഡ്രൈവറുടെയും മനുഷ്യത്വപരമായ നടപടി ജനങ്ങളിൽ എത്തിക്കാൻ ഒരു പത്രവാർത്ത തയാറാക്കാം.
- കരിഞ്ഞ മരവും അമ്മയുടെ ജീവിതാവസ്ഥയും എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? – ചർച്ചചെയ്ത് കുറിപ്പു തയാറാക്കാം.
- വിവിധ മാധ്യമങ്ങളിലൂടെ ദിവസവും നമ്മുടെ മുന്നിലെത്തുന്ന ഒട്ടേറെ സംഭവങ്ങൾ ഈ കഥ ഓർമിപ്പിക്കുന്നില്ലേ? – എന്തൊക്കെയാണവ? ശേഖരിച്ച് ഉപന്യാസം തയാറാക്കുക.

ശ്രീരാമൻ വനവാസത്തിനു പോവുകയാണ്.
വേർപിരിയുന്ന വേളയിൽ അമ്മയ്ക്കും മകനും
എന്തെല്ലാം പറയാനുണ്ടാവും?

# യാത്രാമൊഴി



വന്ദിച്ചു നിൽക്കുന്ന രാമകുമാരനെ
മന്ദേതരം മുറുകെപ്പുണർന്നീടിനാൾ.

പിന്നെ മടിയിലിരുത്തി നെറുകയിൽ
നന്നായ് മുകർന്നു മുകർന്നു കുതൂഹലാൽ

ഇന്ദീവരദളശ്യാമകളേബരം
മന്ദമന്ദം തലോടിപ്പറഞ്ഞീടിനാൾ:

"എന്തെൻ മകനേ! മുഖാംബുജം വാടുവാൻ
ബന്ധമുണ്ടായതു പാരം വിശക്കയോ?

വന്നിരുന്നീടു ഭുജിപ്പതിന്നാശു നീ"
എന്നു മാതാവു പറഞ്ഞോരനന്തരം

വന്ന ശോകത്തെയടക്കി രഘുവരൻ
തന്നുടെ മാതാവിനോടരുളിച്ചെയ്തു:

"ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ!
ക്ഷിപ്രമരണ്യവാസത്തിന്നു പോകണം.

മുൽപാടു കേകയപുത്രിയാമമ്മയ്ക്കു
മൽപിതാ രണ്ടു വരം കൊടുത്തീടിനാൻ;

ഒന്നു ഭരതനെ വാഴിക്കയെന്നതു-
മെന്നെ വനത്തിന്നയയ്ക്കെന്നു മറ്റേതും.

തത്ര പതിന്നാലു സംവത്സരം വസി-
ച്ചത്ര വന്നീടുവൻ പിന്നെ ഞാൻ വൈകാതെ.

സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ് വസിച്ചീടുക മാതാവും."

ശ്രീരാമവാക്യമേവം കേട്ടു കൗസല്യ
പാരിൽ മോഹിച്ചു വീണീടിനാളാകുലാൽ.

പിന്നെ മോഹം തീർന്നിരുന്നു ദുഃഖാർണവം
തന്നിൽ മുഴുകിക്കരഞ്ഞു കരഞ്ഞുടൻ

തന്നുടെ നന്ദനൻ തന്നോടു ചൊല്ലിനാ-
"ളിന്നു നീ കാനനത്തിന്നു പോയീടുകിൽ

എന്നെയും കൊണ്ടുപോകേണം മടിയാതെ,
നിന്നെപ്പിരിഞ്ഞാൽ ക്ഷണാർധം പൊറുക്കുമോ?

ദണ്ഡകാരണ്യത്തിനാശു നീ പോകിൽ ഞാൻ
ദണ്ഡധരാലയത്തിന്നു പോയീടുവൻ.

പൈതലെ വേറിട്ടുപോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ."

*അധ്യാത്മരാമായണം കിളിപ്പാട്ട്*
*(അയോധ്യാകാണ്ഡം)*

*തുഞ്ചത്ത് എഴുത്തച്ഛൻ*

- ''പൈതലെ വേറിട്ടുപോയ പശുവിനു -
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ.''

  ഈ വരികൾ വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിലേക്കു കടന്നുവരുന്ന ദൃശ്യം എന്താണ്? ആശയങ്ങൾ നേരിട്ടവതരിപ്പിക്കുന്നതിനു പകരം കവി സ്വീകരിച്ച ഈ രീതിയുടെ ശക്തി ക്ലാസിൽ ചർച്ചചെയ്യുക. ഇങ്ങനെയുള്ള കൂടുതൽ ഉദാഹരണങ്ങൾ മറ്റു കവിതകളിൽനിന്നു കണ്ടെത്തി അവതരിപ്പിക്കുക.

- ''വാടിവിയർത്ത മുഖാംബുജത്തോടെന്നെ-
ത്തേടി നീയന്തിയിൽ വന്നനേരം''

  ''പൈതലിൻ ഭാവം മാറി; വദനാംബുജം വാടി;
കൈതവം കാണാക്കണ്ണു കണ്ണുനീർത്തടാകമായ്''

  മുഖവും താമരയും തമ്മിൽ ശോഭ, മൃദുത്വം, ആകൃതി, വാടുകയും വിടരുകയും ചെയ്യുന്ന അവസ്ഥ എന്നിവയിലെല്ലാം സമാനതകളുണ്ട്. അതുപോലെ 'ദു:ഖാർണവം' എന്ന പദപ്രയോഗത്തിൽ ദു:ഖവും കടലും തമ്മിൽ എന്തെല്ലാം കാര്യങ്ങളിലാണു സമാനതകളുള്ളത്?

  ഇതുപോലുള്ള കൂടുതൽ പ്രയോഗങ്ങൾ മറ്റു കവിതാഭാഗങ്ങളിൽ നിന്നു കണ്ടെത്തുക.

- അച്ഛനമ്മമാരോടുള്ള സ്നേഹം യാഥാർഥ്യമാകുന്നത് മക്കൾ അവർക്കു സംതൃപ്തി നൽകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴാണ്. 'അമ്മ' എന്ന കഥയിലെ മക്കളെയും 'യാത്രാമൊഴി'യിലെ ശ്രീരാമനെയും താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.



# 2

# ഇല്ലം നിറ വല്ലം നിറ

ലൂസി വാഴക്കുഴി കുത്താൻ തുടങ്ങി. ഒഴിവുള്ള നേരത്തൊക്കെ പറമ്പടിച്ചുകൂട്ടി ചവറുവാരിക്കൊണ്ടുവന്ന് കുഴികളിലിട്ടു. ലൂസിക്കുതന്നെ വിശ്വസിക്കാൻ പ്രയാസം തോന്നി. അമ്പതു കുഴികൾ ലൂസി കുഴിച്ചു. എല്ലാറ്റിലും ചവറിട്ടു കത്തിച്ചു. ആളിക്കത്തുന്ന തീയിൽ നോക്കി കോളേജിനെ സ്വപ്നം കണ്ടു. ഇനി കുഞ്ഞയ്യപ്പന്റെ സഹായം വേണം. കുഞ്ഞയ്യപ്പൻ പറഞ്ഞു: "ചാണകപ്പൊടി കൂട്ടിക്കോ, തിങ്കളാഴ്ച വാഴക്കന്ന് റെഡി!"

ഒരു കുന്നോളം ചാണകം ലൂസി പൊടിച്ചുണ്ടാക്കി. പ്ലാവായ പ്ലാവിന്റെയൊക്കെ, മാവായ മാവിന്റെയൊക്കെ ചോട്ടിൽ കിടക്കുന്ന കരിയിലകൾ പൊടിച്ചുകൂട്ടി. വെണ്ണീറും ചാണകവും കരിയിലപ്പൊടിയും കൈക്കോട്ടുകൊണ്ട് ഇളക്കിമറിച്ചു. ചവറിട്ടു കത്തിച്ച് വെന്ത മണ്ണുള്ള കുഴികളിൽ പൊടി വാരിയിട്ടു. മീതെ വെള്ളം തളിച്ചു.

വാഴക്കന്ന് നടുമ്പോൾ കുഞ്ഞയ്യപ്പൻ ബഹുമാനത്തോടെ പറഞ്ഞു:

"ഇങ്ങ്നെ വേണം, കുട്ടീ. ഒര് മട്യാല്യാണ്ട് പണിട്ക്കണം. ഇപ്പഴ്ത്തെ ഓരോ പെങ്കുട്ട്യോള്! അയ്യമ്മേ! എന്താ പത്രാസും പൗലോസും! മേലനങ്ങി ഒരു പണിട്ക്കില്ല. കുനിഞ്ഞിട്ടൊര് പ്ലായില ങ്ട് ഇട്ക്ക്ല്യ. കഞ്ഞുടിക്കാൻ വകില്യങ്ങിലും മട്ടും മാതിരിം സിലിമാനടീര്യാ. എന്റ്റോടിണ്ട് രണ്ടെണ്ണം. ചാണം കണ്ടാ അറപ്പാ! പശൂന കണ്ടാ പേട്യാ! ചളീല് കാലാ കുത്ത്ല്യാ. കാല് കുത്തണങ്ങി ചെരപ്പ്ട്ടണംന്ന്! എന്താ തരം! കള്ള ജാത്യോള്!"

*മാറ്റാത്തി* — *സാറാ ജോസഫ്*





- വാഴത്തോപ്പുണ്ടാക്കുന്ന ലൂസിയെ കണ്ടല്ലോ. നിങ്ങളെന്തെങ്കിലും നട്ടുവളർത്തിയിട്ടുണ്ടോ? ഒരനുഭവം എഴുതിനോക്കൂ.
- കൃഷിയെക്കുറിച്ച് ഇപ്പോഴത്തെ കുട്ടികളുടെ മനോഭാവം എന്താണെന്നാണ് കുഞ്ഞയ്യപ്പൻ പറയുന്നത്? ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായങ്ങൾ എന്തൊക്കെയാണ്? - ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.


കുഞ്ഞയ്യപ്പൻ പറഞ്ഞപോലെ, ചെറുപ്പക്കാർ കൃഷിയോട് താൽപ്പര്യം കാണിക്കാതിരുന്നാൽ വരുംകാലത്തെ അവസ്ഥ എന്തായിരിക്കും?

# വേരുകൾ

**അ**ച്ഛനെ ദഹിപ്പിക്കാൻ വിറകു തന്ന ഒരു പഴയ മാവിന്റെ കുറ്റിയുണ്ട്. അതുമാത്രമാണ് അച്ഛന്റെ ഓർമകൾ പുതുക്കുന്ന സ്മാരകം. ആ സ്മാരകം ദേവസ്സി കടപുഴക്കിയെറിയും!

ആ നിമിഷത്തിൽ അയാൾ തീരുമാനിച്ചു– ഏക്കറിന് അയ്യായിരം രൂപയല്ല, അയ്യായിരം പവൻ കിട്ടിയാലും പറമ്പു വിൽക്കുകയില്ലെന്ന്. ഇത് ഒരു പറമ്പുമാത്രമല്ല, ഒരു പാരമ്പര്യം കൂടിയാണ്. ഇവിടെ നിൽക്കുന്ന മറ്റൊരു കുറ്റിയാവാം; പാട്ടിയെ ദഹിപ്പിക്കാനുപയോഗിച്ച മാവിന്റെ കുറ്റി. ഗണപതിപ്പാട്ടാവിന്റെ ചിതയിൽ ആളിക്കത്തിയ മാവും ഈ പറമ്പിൽത്തന്നെ നിന്നിരുന്നതാവണം. തന്റെ വേരുകൾ ഈ പറമ്പിലാണ്; ഈ പഴയ മണ്ണിലാണ്. അതു മനസ്സിലാക്കാത്ത താൻ എന്തൊരു വിഡ്ഢിയാണ്! സ്വന്തം വേരുകൾ അറുത്തുകളയാനല്ലേ താൻ മുതിർന്നത്! അമ്മുലു ഒരു പള്ളിക്കൂടത്തിലും പോയിട്ടില്ല. എങ്കിലും ഒരു മനുഷ്യന്റെ വേരുകൾ എവിടെയാണെന്ന് അവൾ പഠിച്ചിട്ടുണ്ട്. വേരുകൾ മനുഷ്യനും മരത്തിനും മണ്ണിലാണ്.

രഘു മുണ്ടിന്റെ കോന്തലകൊണ്ട് കണ്ണു തുടച്ചു– കരഞ്ഞതായി ആരുമറിയേണ്ട.



ഉരൽപ്പുരയുടെ കൂരയിലേക്ക് അയാൾ നോക്കി. ഇക്കൊല്ലം മേഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലത്തെ വൈക്കോൽ അങ്ങിങ്ങ് കാണാനില്ല. ഓടിടണം, അച്ഛൻ പറഞ്ഞതുപോലെത്തന്നെ. കുളത്തിലെ പാറ പൊട്ടിക്കണം. ഒരു പമ്പ്സെറ്റ് വാങ്ങണം; തെങ്ങുകൾ നനയ്ക്കണം. കിണറിനരികിൽ താൻ പണ്ടു നട്ട ഗൗളീപാത്രത്തെങ്ങുപോലെത്തന്നെ, സകല തെങ്ങുകളും ഭാരം താങ്ങാനാവാതെ കുമ്പിട്ടുനിൽക്കണം. ആ സപ്പോട്ടമരത്തിനു ചുറ്റും മറ്റു ഫലവൃക്ഷങ്ങൾ വച്ചുകൂടേ? ഒന്നാന്തരം ഒരു 'ഓർച്ചാർഡ്' ഉണ്ടാക്കാൻ കഴിയും. മനയ്ക്കലെ കർത്താവ് തന്നെ വെറുതെ പ്രശംസിച്ചതാണോ? അയാൾ പറഞ്ഞതുപോലെ, ഈ നാടിന്റെ വളർച്ചയ്ക്കുവേണ്ടി തനിക്കു പലതും ചെയ്യാനാവില്ലേ? റോഡ്

നന്നാക്കാൻ കഴിയും. ഇലക്ട്രിസിറ്റി കിട്ടാൻ ബുദ്ധിമുട്ടുണ്ടാവില്ല; പ്രയത്നിക്കണം. താൻ പെൻഷൻപറ്റി വരുന്നതിനുമുമ്പ്, ഈ പറമ്പ് ഒരു 'ഷോപീസ്' ആക്കി മാറ്റണം. ഇവിടെ ഒന്നാന്തരമൊരു കെട്ടിടം പണിയണം. ഉരൽപ്പുരയുടെ വടക്ക്, പണ്ട് ബബ്ലൂസ് നാരകം നിന്നിരുന്ന സ്ഥാനം ഒന്നാന്തരമാണ്, കെട്ടിടം വയ്ക്കാൻ.

നാലു തലമുറ കഴിഞ്ഞാൽ ഒരു നെൽമാണിക്യം കാണും... പാട്ടാവിന്റെ വിശ്വാസം ഓർമ വന്നു. തന്റെ ഈ തീരുമാനമാണോ ആ നെൽമാണിക്യം? നിധി കിട്ടുകയില്ല.

പക്ഷേ, പറമ്പിൽ കൂടുതൽ പച്ചയുണ്ടാവും.

രഘു അമ്മുലുവിന്റെ വീട്ടിലെത്തി.

''അമ്മുലൂ, എനിക്കു മാപ്പുതരണം'' - അയാൾ പറഞ്ഞു.

അവൾ അന്ധാളിച്ചു നിന്നു.

''അമ്മുലൂ, നീ ശൊന്നതുതാൻ ശരി''- അയാൾ പറഞ്ഞുതുടങ്ങി:

''ഈ മണ്ണ് എന്റെ മണ്ണാണെന്ന് എനിക്കു ബോധ്യമായിരിക്കുന്നു. നിന്നെയും അത്തിമ്പാരെയുംപോലെ ഞാൻ മണ്ണിനോടു പൊരുതിയിട്ടില്ല. അതുകൊണ്ട്, പകൽവെളിച്ചംപോലുള്ള ഒരു കാര്യം മനസ്സിലാക്കാൻ ഞാൻ സമയമെടുത്തു. എന്റെ കുട്ടികൾ നെൽപ്പാടം കാണുമ്പോൾ 'അരിശിച്ചെടിയാ?' എന്നു ചോദിക്കുന്നവരാണ്. അവരെക്കാളും ഒട്ടുംതന്നെ ഭേദമായിരുന്നില്ല, ഈ നിമിഷംവരെ ഞാനും... അതോ, അവരെക്കൊണ്ട് 'അരിശിച്ചെടി'യെന്നു പറയിച്ചത്, ഞാനും ഗീതയും അവർക്കു കൊടുക്കുന്ന പരിശീലനമാണോ? എന്തായാലും ശരി, ഞാൻ പറമ്പു വിൽക്കുന്നില്ല. ദേവസ്സിക്ക് ഒരു കത്തെഴുതിവയ്ക്കാം. നീ എത്തിച്ചുകൊടുക്കൂ.''

അമ്മുലുവിന്റെ കണ്ണുകൾ നിറഞ്ഞു.

***വേരുകൾ*** — ***മലയാറ്റൂർ രാമകൃഷ്ണൻ***

- ''തന്റെ വേരുകൾ ഈ പറമ്പിലാണ്; ഈ പഴയ മണ്ണിലാണ്'' - രഘു ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്താവാം? ചർച്ചചെയ്ത് കുറിപ്പു തയാറാക്കൂ.
- രഘു എടുക്കുന്ന തീരുമാനങ്ങൾ ഇന്നത്തെ കാലത്ത് എത്രമാത്രം പ്രായോഗികമാണ്? നിങ്ങളുടെ അഭിപ്രായം ഉൾപ്പെടുത്തിക്കൊണ്ട് രഘു എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.
- ''എന്തായാലും ശരി, ഞാൻ പറമ്പു വിൽക്കുന്നില്ല. ദേവസ്സിക്ക് ഒരു കത്തെഴുതി വയ്ക്കാം.''- രഘു ദേവസ്സിക്ക് എഴുതാനിടയുള്ള കത്ത് തയാറാക്കൂ.

സൂര്യദേവന്റെ വധുവാണത്രേ ഭൂമീദേവി. അവൾക്ക് ഉടുക്കാൻ ദേവൻ നൽകിയ ചിത്രപടങ്ങളുള്ള കുപ്പായമാണ് ഹരിതാഭമായ പുൽകളും ചെടികളും മരങ്ങളും. നാം നട്ട ഒരു ചെടിക്ക് ഇലയും പൂവും കായും വരുമ്പോൾ  മനസ്സിൽ എത്രമാത്രം ആഹ്ലാദമായിരിക്കും ഉണ്ടാവുക!

# ഒലി



കിഴവനാണെങ്കിലുമക്കൃഷിക്കാരൻ-തൻ
വയലിൻവരമ്പത്തു വന്നിരിക്കും.

മക്കളക്കണ്ടം കിളയ്ക്കുന്നതും നോക്കി
നട്ടുച്ചയോളം ചടഞ്ഞിരിക്കും.

ചളിയിൽപ്പുരണ്ടവരൂരുന്ന കാളതൻ
കളിയോട്ടം കണ്ടു ചൊടിച്ചിരിക്കും.

ഞാറു പെണ്ണുങ്ങൾ നടുമ്പോഴുമക്കരെ-
ച്ചേറിന്റെ ഗന്ധം ശ്വസിച്ചിരിക്കും.

തെളിമയിൽക്കാളയും മക്കളും ചോലയിൽ-
ക്കുളികഴിഞ്ഞെത്തുവാൻ കാത്തിരിക്കും.

താനുമിച്ചേറ്റിൽപ്പുരണ്ടു കൂത്താടിയ
കാലം മനസ്സിലെണീറ്റിരിക്കും.

വാർധക്യംകൊണ്ടു വിറയ്ക്കുമച്ചുണ്ടത്തു
വാക്കുകളിങ്ങനെ വന്നിരിക്കും:

"തിന്നും കുടിച്ചും കളിച്ചുമിബ്ഭൂമിയിൽ
എന്നെന്നും കൂത്തടിക്കുന്നു നമ്മൾ!"

*സുഫല* *ഒളപ്പമണ്ണ*

- "പിന്നിട്ട കാലത്തിന്റെ സജീവമായ ഓർമ വൃദ്ധന്റെ മനസ്സിലേക്കു കടന്നുവന്നു" - ഈ ആശയം കവിതയിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? അതു കവിതയ്ക്ക് ഭംഗി കൂട്ടുന്നതെങ്ങനെ? ഇതുപോലുള്ള പ്രയോഗങ്ങൾ മറ്റു കവിതകളിൽനിന്നു കണ്ടെത്തി എഴുതുക.
- കൃഷി ജീവിതവൃത്തിയായി സ്വീകരിച്ച ഒരു കുടുംബത്തിന്റെ ആഹ്ലാദമാണ് ഈ കവിതയിൽ പ്രതിഫലിക്കുന്നത്. ജീവിതവൃത്തിക്കായി സ്വീകരിച്ചിരിക്കുന്ന തൊഴിലുകൾ ഇന്നത്തെ തലമുറ ആഹ്ലാദകരമായി കാണുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതി ക്ലാസിൽ അവതരിപ്പിക്കൂ.
- 'ഒലി' എന്ന പേര് കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നു? ചർച്ചചെയ്ത് കുറിപ്പു തയാറാക്കുക.
- ഒലി എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

കൃഷിക്ക് ഓരോ പ്രദേശത്തും വ്യത്യസ്ത രീതികളുണ്ട്. വയനാടൻ കാർഷികജീവിതത്തിന്റെ തുടിപ്പും ചൈതന്യവും തുളുമ്പിനിൽക്കുന്ന ഒരനുഭവം.

# ഒക്കൽ

**ക**ന്നുകാലികളെ മേട്ടിക്കുചുറ്റും നടത്തി നെല്ലുമെതിക്കുന്നതിനെ ഒക്കൽ എന്നാണു പറയുക. ഒക്കലുള്ള ദിവസം അയൽവീട്ടിലെ മൂരികളെയും പോത്തുകളെയും വിട്ടുതരും. ഉച്ചതിരിയുന്നതോടെ കളത്തിൽ നടുവിൽ കുഴിച്ചിട്ട കുറ്റിക്കു ചുറ്റുമായി നെല്ലു കുടഞ്ഞിടും. ഒക്കൽക്കൊക്കകൊണ്ടാണ് കുടഞ്ഞിടുക. ഉപയോഗിച്ചുപയോഗിച്ച് മിനുസമായ ഒറ്റക്കവരമുള്ള ചെറുമുളയാണ് ഒക്കൽക്കൊക്ക. നല്ല പരിചയമുള്ളവർക്കേ അതു വഴങ്ങൂ. അല്ലാത്തവർ കുടഞ്ഞാൽ നെല്ലോലകൾ തങ്ങില്ല, അതിന്റെ കവരത്തിൽ. പിൽക്കാലത്ത് ബാറ്റിന്റെ ചെറിയ പ്രതലത്തിന്റെ മധ്യഭാഗമുപയോഗിച്ചുകൊണ്ട് കളിക്കുന്ന നല്ല ദിവസങ്ങളിലെ സച്ചിൻ തെണ്ടുൽക്കർ എന്നെ ഈ ഒക്കൽക്കൊക്കയെ ഓർമിപ്പിച്ചു. ഏകാഗ്രത സച്ചിന്റെ ബാറ്റിനെ മൈതാനത്തേക്കാൾ വീതിയുള്ളതാക്കി.



മൂന്നുമൂന്നര മണിയോടെ കളത്തിന്റെ എല്ലാ വശങ്ങളും നന്നായടച്ച് പ്രധാന വഴിയിലൂടെ കന്നുകാലികളെ ഞെരുക്കിക്കടത്തും. മേട്ടിക്കുചുറ്റും തലങ്ങും വിലങ്ങും ഓടും ആദ്യമവ. അത്യാർത്തിയോടെ മണിയോടെ നെല്ല് തിന്നാൻ തുടങ്ങും. വാലിൽ പിടിച്ചുതിരിച്ച് അതിവേഗത്തിൽ ഓടിക്കും, എല്ലാവരും ചേർന്ന് ആദ്യം കുറച്ചുസമയം. അപ്പോഴേക്കും ഒരു ചിട്ടവരും. അവയുടെ നടത്തം പള്ളകൾ ഉരസിക്കൊണ്ട് നിരനിരയായിട്ടാവും. എല്ലാം താളത്തിലാവും. നെല്ലമർന്നുതുടങ്ങും. അപ്പോൾ മുതൽ ഒക്കൽക്കൊക്കയുമായി രണ്ടോ മൂന്നോ പേർ അടിയിളക്കാൻ തുടങ്ങും. പ്രത്യേകതരം പാട്ടോടെ, മൂളിച്ചയോടെ മൊട്ടന്മാരാണ് അധികവും ഒക്കലിൽ നടക്കുക. ക്ലാസ് വിട്ടുവന്നാൽ ഞങ്ങളും നേരെ ഒക്കൽക്കളത്തിലേക്കാണ്. മുഖ്യമായ ഇടയിളക്കലിന്റെ സമയത്തു നിർത്തിയിടും. അപ്പോഴേക്കും കന്നുകാലികളുടെ വയർ നിറഞ്ഞു പൊട്ടാറായിട്ടുണ്ടാവും. അവ അലസമായി നടക്കാൻ തുടങ്ങും. ഒക്കൽക്കളത്തിൽ ചാണകമിടുന്നത് അപ്പപ്പോൾ നീക്കംചെയ്യണം.

വൈക്കോൽകൊണ്ട് തരികപോലെ പിടിച്ചു പിന്നാലെ നടക്കണം. വയറ്റുപോക്കുള്ള- നെല്ലു തിന്നിട്ടാണ്- പോത്തിന്റെ, മൂരിയുടെ പിന്നിൽ നിന്നും മാറാനാവില്ല.

അഞ്ചുമണിയോടെ പുഴുക്കും ചായയുമായി അമ്മ വരും. കുട്ടികളെ ചുമതല ഏൽപ്പിച്ച് മുതിർന്നവർ ചായ കുടിക്കും. കുട്ടികൾ മാത്രമേ ഉള്ളൂ എന്നുകണ്ടാൽ ചില എരുതുകൾ ക്രമം തെറ്റിക്കും; ചിലതു നിന്നുകളയും. നല്ല വീക്കുകൊടുക്കെടാ എന്നു ചായകുടിക്കുന്നവർ നിർദേശിക്കും. അവർ മടങ്ങിയെത്തിയാൽ ഞങ്ങൾ ചായ കുടിക്കാനിരിക്കും. വശങ്ങളിൽ കുടഞ്ഞിട്ട ചൂടുള്ള പുല്ലട്ടികളിൽ ചാഞ്ഞിരുന്ന്, വയനാട്ടിലെ സന്ധ്യയോടെ കഠിനമായിത്തുടങ്ങുന്ന തണുപ്പിൽ ചായ കുടിക്കാൻ നല്ല സുഖമാണ്. തലയിൽ വിരലോടിക്കുന്ന ഇടവിടാത്ത കൈവിരലുകളുമായി അമ്മയുണ്ടാവും തൊട്ടടുത്ത്.

കാലം ചെന്നപ്പോൾ എരുതുകളുടെ എണ്ണം കുറഞ്ഞു. എരുതുകളുടെ കഴുത്തിൽ കയറിട്ട് അവയെ കൂട്ടിക്കെട്ടി നടത്തിച്ചായി ഒക്കൽ. പിന്നെപ്പിന്നെ അതതു വീടുകളിലെ രണ്ടെരുതുകളെ മാത്രം കെട്ടിയായി ഒക്കൽ. ക്രമേണ വലിയ കല്ലു പിന്നിൽ കെട്ടിവലിപ്പിക്കലായി; നെല്ലു തിന്നാതിരിക്കാൻ മുഖക്കൊട്ട കെട്ടലായി. ഒക്കൽ ഒരനുഷ്ഠാനം പോലെ നിശ്ശബ്ദമായി. പഴയ സൽക്കാലം ഒരോർമ മാത്രമായി.

പാലക്കാട് കഴിഞ്ഞാൽ കൂടുതൽ നെല്ലുവിളയിക്കുന്ന വയൽനാടായിരുന്നു ഒരിക്കൽ വയനാട്. കുന്നുകൾക്കിടയിൽ വിസ്തൃതങ്ങളായ, വിളഞ്ഞുനിൽക്കുന്ന വയലുകൾ; ഗന്ധകശാലനെല്ലിന്റെ മാസ്മരമായ ഗന്ധം. അവിടവിടെ ഏറുമാടങ്ങൾ; തത്തയെ ഓടിക്കാൻ കെട്ടിയ തപ്പുകൾ; പണിയൻ മൊട്ടന്മാരുടെ കുഴലൂത്ത്; കുടമണിയുമായി, കൊയ്തുകഴിഞ്ഞ പാടത്തെ കന്നുകാലികൾ - എല്ലാം കാലാന്തരത്തിൽ ശമിച്ചു. വയലിൽ കവുങ്ങും വാഴയുമായി.

*കോന്തല* *കല്പറ്റ നാരായണൻ*

- നിങ്ങളുടെ പ്രദേശത്ത് 'ഒക്കൽ' പോലെ നെൽക്കൃഷിയുമായി ബന്ധപ്പെട്ട മറ്റു പണികളെന്തൊക്കെ? അന്വേഷിക്കൂ, ചർച്ചചെയ്യൂ. കൃഷിപ്പണിയെക്കുറിച്ച് ഒരു വർണന തയാറാക്കൂ.
- ഒക്കൽ, മേട്ടി... ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട ഏതെല്ലാം വാക്കുകൾ ഈ രചനയിലുണ്ട്? കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ ശേഖരിച്ച് കാർഷികനിഘണ്ടു തയാറാക്കാം.
- ''മകരത്തിൽ മഴപെയ്താൽ മലയാളം മുടിഞ്ഞുപോം''

  എന്ന ചൊല്ലിലെ ആശയം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതു നോക്കൂ:

  ''മകരക്കാറിലെ തണ്ണീര്
  മാനവന്മാരുടെ കണ്ണീര്''


  കൃഷിയുമായി ബന്ധപ്പെട്ട ഇത്തരം ധാരാളം ചൊല്ലുകൾ നമ്മുടെ സാഹിത്യകൃതികളിൽ ഉപയോഗിച്ചിട്ടുണ്ട്. കണ്ടെത്തൂ. ചൊല്ലുകൾ നേരിട്ടും അല്ലാതെയും കാവ്യാത്മകമായി പ്രയോഗിച്ചിരിക്കുന്നതു പരിശോധിക്കൂ; ക്ലാസിൽ അവതരിപ്പിക്കൂ.
- ''ഇല്ലം നിറ വല്ലം നിറ'' എന്ന പേര് യൂനിറ്റിന് എത്രമാത്രം യോജിച്ചതാണ്? ചർച്ച ചെയ്യുക. യൂനിറ്റിന് ഉചിതമായ ഒരു ആമുഖം എഴുതുക.



# 3
# പ്രപഞ്ചശില്പികൾ

തോണി കരയ്ക്കടുപ്പിച്ച്, കയറിൽ മുറുകെപ്പിടിച്ച് സാന്റിയാഗോ വലിക്കാൻ തുടങ്ങി. മാസങ്ങൾക്കുമുമ്പാണ് കടലിൽ ഇറങ്ങിയത്. ഒരു കൊമ്പൻസ്രാവുമായി ഏറ്റുമുട്ടേണ്ടിവരുമെന്നു സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല. ജീവിതവും മരണവും തമ്മിലുള്ള പോരാട്ടമായിരുന്നു അത്. ഭക്ഷണവും വെള്ളവും തീർന്നു. എന്നിട്ടും പൊരുതിനിന്നു. അയാൾക്ക് ഒരുപാട് പ്രതീക്ഷയുണ്ട്. പങ്കായം തുഴഞ്ഞ് കരുത്തുറ്റ കൈകൾകൊണ്ട് ആഞ്ഞുവലിച്ചു. മെല്ലെമെല്ലെ അതിന്റെ രൂപം പ്രത്യക്ഷമായിത്തുടങ്ങി. അയാളുടെ നെഞ്ചുപിടഞ്ഞു. വെറുമൊരു അസ്ഥികൂടം! മറ്റുജീവികൾ അതിന്റെ മാംസം തിന്നുതീർത്തിരിക്കുന്നു. കണ്ണീരുണങ്ങിയ മനസ്സോടെ അയാൾ അതു നോക്കിനിന്നു...


***കിഴവനും കടലും*** — ***ഏണസ്റ്റ് ഹെമിങ്‌വേ***



- ആഴക്കടലിൽ മീൻതേടി പോകുന്നവരുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾക്കെന്തെല്ലാം അറിയാം? ചർച്ചചെയ്യുക

ജീവിതത്തിന്റെ സിംഹഭാഗവും കായൽക്കയങ്ങളിൽ കാണാപ്പൊന്നുതേടി പാടുപെടുകയാണ് കളത്തിൽ കുഞ്ഞമ്മ എന്ന മീൻപിടിത്തക്കാരി. അവരുമായി ഒരു സംഭാഷണം...

# കാണാപ്പൊന്നു തേടി



? ചേച്ചിയുടെ വീട് എവിടെയാ?

❍ എറണാകുളത്ത്, കുമ്പളങ്ങി പഞ്ചായത്തിൽ നാലാം വാർഡിലാ.

? സ്ത്രീകൾ അപൂർവമായി വരുന്ന ഒരു മേഖലയാണല്ലോ മീൻപിടിത്തം. ചേച്ചി എങ്ങനെയാണ് ഈ രംഗത്തേക്കു വന്നത്?

❍ ചെറുപ്പത്തിത്തന്നെ ഞങ്ങള് കുട്ടികള് മീൻപിടിക്കാൻ പഠിച്ചിരുന്നു. വീട് കായലിന്റെ തിട്ടയിലായിരുന്നു. തെന്നി താഴേക്കിറങ്ങിയാല് കായലിലേക്കാണ്. കരിക്കിന്റെ 'തൊണ്ണാൻ' എടുത്താണ് തപ്പാൻ പഠിച്ചത്. ആറാം ക്ലാസ് വരെ സ്കൂളിൽ പോയിരുന്നു. വീട്ടിലെ കഷ്ടപ്പാട് കാരണം പിന്നെ പോയില്ല. അച്ഛന് കൂലിപ്പണിയായിരുന്നു. അതിൽ നിന്ന് എന്തുകിട്ടാൻ? ഞങ്ങ ആറുമക്കളാണ്. അച്ഛൻ കൊണ്ടുവരുന്നത് ഒന്നിനും തെകയാറില്ല. അമ്മ കായലില് തപ്പാൻ പോകുമായിരുന്നു. ഒരു ദിവസം ഞാനും കൂടെപ്പോയി. അമ്മയോടൊപ്പം ചളിയിലിറങ്ങി. കുറച്ചുകാലം കഴിഞ്ഞപ്പോ നല്ല രസായി.

? ഇങ്ങനെ മീൻ പിടിക്കാൻ ചേച്ചിക്ക് വലയോ ചൂണ്ടയോ മറ്റുപകരണങ്ങളോ ഒന്നും ആവശ്യമില്ലല്ലോ? അപ്പോൾ എങ്ങനെയാണ് വെറും കൈകൊണ്ട് മീൻപിടിക്കുന്നത്?

❍ ഓ, അതില് അത്രവല്യ കാര്യോന്നൂല്ല മക്കളേ, ഞങ്ങ പണ്ടുമൊതലേ ഇങ്ങനെ തന്നേണ് മീൻപിടിക്കണത്. വേലിയിറക്കനേരങ്ങളിലാണ് മീൻപിടിത്തം. എറക്കം ചിലപ്പോൾ പാതിരാത്രിയാകും. അതുവരെ കായലരികത്ത് ഉറക്കമൊഴിഞ്ഞ് കാത്തിരിക്കണം. തക്കംനോക്കണന്നാണ് ഞങ്ങ പറയാറ്. വേലിയിറക്കനേരത്ത് വെള്ളത്തിമുങ്ങി ചളികുത്തി എറിയും. വെള്ളമെളകുമ്പോ മീനെല്ലാം പെട്ടെന്ന് ചളീല് തല കുത്തും. പിന്നെ പൊത്തിപ്പിടിച്ചെടുക്കും. ചിലനേരത്ത് ചെകിളയും മുള്ളും വിടർത്തിയ

കരിമീനാകും. പിടിത്തം ശരിയായില്ലെങ്കിൽ ഉള്ളംകൈ കീറിപ്പിളരും. കട്ടുകഴപ്പായിരിക്കും കൂരിയോ മറ്റോ ആണെങ്കി. ഞണ്ടിന്റെ മുതുകിൽ കൈകുത്തി, സൂക്ഷിച്ച് കാലുകൾ മാടിഒതുക്കി രണ്ടു കാലുകളിലും പിടിച്ച് പൊക്കിയെടുത്ത് കലത്തിലിടും. സൂക്ഷിച്ച് പൊക്കിയില്ലെങ്കി ഞണ്ടിറുക്കി കൈവിരൽ മുറിഞ്ഞുപോവും.

? എല്ലാ കാലത്തും ഇങ്ങനെ മീൻ കിട്ടുമോ?

❍ മകരത്തിലെ കൊടുംതണുപ്പിലും വെള്ളംകൊണ്ട മഴക്കാലത്തുമെല്ലാം ഞങ്ങക്ക് മീൻ കിട്ടാറുണ്ട്. അല്ലാത്തപ്പോ ഞങ്ങടെ കൂട്ടര് കായലില് കക്ക വാരാനിറങ്ങും. കക്ക പുഴുങ്ങി കുട്ടയിൽ തെള്ളി അതു വിൽക്കും. ഞാൻ കക്ക വാരിയിട്ടില്ല. എന്തിനും പണിയെടുക്കണം. ചെലപ്പോ രാത്രി രണ്ടുമണിക്ക് വെള്ളത്തിലോട്ട് എറങ്ങിയാ രാവിലെ എട്ടൊമ്പതു മണിയാകും കേറാൻ. കഴുത്തറ്റം വെള്ളത്തിൽ എറങ്ങി മുങ്ങിത്തപ്പി മീൻപിടിക്കണം. ഇങ്ങനെയൊക്കെയാണെങ്കിലും ചെല ദിവസങ്ങളിൽ ഒന്നും കിട്ടുകേല.

? ഇപ്പൊ മീനിനൊക്കെ നല്ല വിലയുണ്ടല്ലോ. ചേച്ചിക്ക് തരക്കേടില്ലാത്ത വരുമാനമായിരിക്കുമല്ലോ?

❍ ഓ, എന്തോന്ന് വരുമാനം? രണ്ടു നേരം കഞ്ഞികുടിച്ച്കെടക്കാൻ തന്നെ ചെലപ്പപ്പറ്റണില്ല. ഈ പണി തൊടങ്ങിയിട്ട് കൊല്ലം അറുപത് കഴിഞ്ഞു. വെള്ളത്തില് എറങ്ങിയില്ലെങ്കി, ഒരു സുഖോല്ല, അതുകൊണ്ടാ. മക്കക്കു കേക്കണോ, ചെലപ്പം മീൻപിടിത്തം കഴിഞ്ഞ് വെള്ളത്തീന്നു കേറുമ്പം നേരം ഇരുട്ടും. അപ്പഴത്തേക്ക് ചന്തപിരിഞ്ഞു കാണും. പിടിച്ച മീൻ ഐസിട്ടു വയ്ക്കാമെന്നു വച്ചാ ഐസ് മേടിക്കാനെവടേണ് കാശ്? നേരം വെളുക്കുമ്പം പകുതി മീനും ചീഞ്ഞിരിക്കും. അതുകൊണ്ട് അന്നേരംതന്നെ നല്ല ഒന്നാന്തരം നാരൻചെമ്മീനും പെടയ്ക്കണ കരിമീനുമൊക്കെ കിട്ടണ വെലയ്ക്കു കൊടുക്കും. ചെലപ്പോ കൊല്ലിവലയ്ക്കകത്ത് മീനിട്ട് വെള്ളത്തിലെറക്കിവെക്കും. ജീവനുള്ള മീനാണെങ്കി രാവിലെ വിൽക്കാം.

? ഈ ജോലിയിൽ ചേച്ചിക്ക് എന്തെല്ലാം പ്രയാസങ്ങളാണ് ഉണ്ടാകാറുള്ളത്?

❍ പാതിരാത്രീലാണ് ജോലി. മനുഷരെല്ലാം സുഖായിട്ട് കെടന്നൊറങ്ങായിരിക്കും. ആ നേരത്താണ് ചെലപ്പം വേലിയിറക്കം വരണത്. അപ്പൊ തണുത്ത വെള്ളത്തി കഴുത്തറ്റം മുങ്ങിക്കെടക്കണം. ചെലപ്പം ഞണ്ടിറുക്കും, കാരിമീൻ കുത്തും. ഭയങ്കര വേദനയാ. വെള്ളത്തീന്നു കേറുമ്പം കൈയും കാലുമൊക്കെ മരവിച്ച് വെറകുകൊള്ളിപോലാകും. ആകെ വിളർത്ത് വെള്ള നെറായിട്ടുണ്ടാവും. ഞണ്ടിറുക്കിയ ഭാഗത്തെ മാംസം വിണ്ടുകീറി ചതഞ്ഞിട്ടുണ്ടാവും. ഞാനതൊന്നുമങ്ങട്ട് വകവയ്ക്കില്ല. ജീവിക്കേണ്ടേ മക്കളെ!

? മീൻ തീരെ കിട്ടാതെ വരുമ്പൊ എന്തു ചെയ്യും?

❍ മീൻപണി കൂടാതെ റോഡ് പണിക്ക്, കോൺക്രീറ്റ് പണിക്ക് ഒക്കെ പോകും. ആറാണുങ്ങൾ എടുത്തുപൊക്കിത്തന്ന കരിങ്കല്ല് തലയിൽ ചുമന്നിട്ട് എനിക്ക് മേസ്തിരി സമ്മാനം തന്നിട്ടുണ്ട്. ആണുങ്ങള് ചെയ്യുന്ന പണിക്കൊപ്പം ഞാൻ പണി എടുത്തിട്ടുണ്ട്. ഭർത്താവിന്റെ കൂടെ കിണറു പണിക്ക് പോയിട്ട് കഴുത്തറ്റം വെള്ളത്തിൽ ഇറങ്ങി മണ്ണ് കോരുമായിരുന്നു. പെണ്ണ് കിണറ് പണിക്ക് വന്നെന്നുകേട്ട് ഒരുപാടാളുകൾ കാണാൻ തടിച്ചുകൂടീട്ടുണ്ട്. വെറുതെ ഇരിക്കുന്നത് എനിക്കിഷ്ടല്ല. പണിയെടുക്കാതിരുന്നാ എനിക്ക് ഒറക്കം വരില്ല.

? പണിക്ക് പോകാത്തപ്പോൾ എങ്ങനെയാണ് സമയം ചെലവഴിക്കുന്നത്?

❍ വായിക്കും. വായിക്കാൻ തുടങ്ങിയാൽ നേരം പോണതറിയില്ല. ടൂറിസത്തിന്റെ ആൾക്കാർ വരുമ്പോ ഞാൻ ഓണക്കളി കളിക്കാൻ പോവും. ഇപ്പോ അതൊക്കെയാണ് നേരംകളയാനുള്ള പണി.

കുഞ്ഞമ്മച്ചേച്ചിയുടെ ജീവിതാനുഭവങ്ങൾ അഭിമുഖത്തിൽ വായിച്ചല്ലോ. ജീവിക്കാൻ വേണ്ടി പകലന്തിയോളം പാടുപെടുന്ന തൊഴിലാളികൾ നമ്മുടെ നാട്ടിലുമുണ്ട്. ഇത്തരത്തിൽ വൈവിധ്യമാർന്ന തൊഴിലുകൾ ചെയ്ത് ജീവിതം നയിക്കുന്ന എത്രയോ പേർ!

- ഇതുപോലെ ഏതെങ്കിലും തൊഴിലിൽ വിജയം വരിച്ച വനിതകളെ നിങ്ങൾക്കു പരിചയമുണ്ടോ? അവരുമായി ഒരു അഭിമുഖം നടത്താം. തയാറാക്കിയ അഭിമുഖം ക്ലാസ്മാഗസിനിൽ ചേർക്കൂ.
- കുഞ്ഞമ്മച്ചേച്ചിയുമായുള്ള അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തി പത്രറിപ്പോർട്ട് തയാറാക്കുക.

ലോകത്തുണ്ടായിട്ടുള്ള നേട്ടങ്ങളുടെയെല്ലാം പിന്നിൽ

അർപ്പണബോധമുള്ള തൊഴിലാളികളുണ്ട്.

# പാതകൾ പണിയുന്നവർ



അയലത്തെ വീട്ടിലാ-
ണെങ്കിലും നീയെനി-
ക്കപരിചിതനോ! കാലചക്രം

പൊടിനീർത്തുപായുവാൻ
ഭൂമിയുടെ പാതകൾ
പണിയും വഴിപ്പണിക്കാരാ,

നഗരത്തിലേക്കുള്ള
വണ്ടിക്കു നീ മക്ക-
ളുണരുന്നതിൻ മുമ്പുപോകും.

2

പല പുസ്തകങ്ങളിൽ
നിന്നെക്കുറിച്ചുള്ള
പരമാർഥമേ ഞാൻ തിരഞ്ഞു.

നഗരങ്ങൾ, ചരിതങ്ങ-
ളൊക്കെയും നീ തന്നെ
പണിചെയ്തതാണെന്നറിഞ്ഞു.

കൊടിയായ കൊടിയൊക്കെ
നിന്റെ ചെഞ്ചോരയാൽ
പശയിട്ടതാണെന്നറിഞ്ഞു.

വരുവാനിരിക്കും
വസന്തകാലത്തിന്റെ-
യധിപനും നീയെന്നറിഞ്ഞു.

പലവട്ടമന്തിക്കു
നിന്നോടു മിണ്ടുവാൻ
പരിചയം ഭാവിച്ചു വന്നു.

**3**

തകരവിളക്കിന്റെ
ചുറ്റിലും കുഞ്ഞുങ്ങൾ
തറയും പറയും പഠിക്കേ,

നിത്യദുഃഖത്തിന്റെ-
യാദ്യപാഠം ചൊല്ലി-
യത്താഴവും കാത്തിരിക്കേ,

അരികത്തു കെട്ടിയോൾ
കണ്ണു നീറിക്കൊണ്ടു
കരിയടുപ്പൂതിത്തെളിക്കേ,

ചെറുബീഡി ചുണ്ടത്തു
പുകയുന്ന നിന്നുള്ളി-
ലെരിയുന്ന ചിന്തയെന്താവാം?

അല്ലെങ്കിലിന്നിന്റെ
ചിതയിൽ നിൻ മോഹങ്ങ-
ളെല്ലാം ദഹിക്കുന്നതാവാം.

*അമാവാസി* — *ബാലചന്ദ്രൻ ചുള്ളിക്കാട്*

- വഴിപ്പണിക്കാരനെക്കുറിച്ചുള്ള കവിയുടെ ചിന്തകൾ എന്തൊക്കെയാണ്? ഇത്തരം അതികഠിനമായ ജോലികൾ ചെയ്യുന്നവരെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെ അറിയാം? കുറിപ്പ് തയാറാക്കൂ.

- 'കൊടിയൊക്കെ, വഴിയൊക്കെ' എന്നതിനു പകരം
  ''കൊടിയായ കൊടിയൊക്കെ
  വഴിയായ വഴിയൊക്കെ''

  എന്നു പ്രയോഗിക്കുന്നതുകൊണ്ട് കവിതയിൽ എന്തു മാറ്റമാണ് ഉണ്ടാവുന്നതെന്നു നോക്കുക. ഇത്തരം പ്രയോഗങ്ങളുടെ ഔചിത്യം ചർച്ചചെയ്യൂ. കവിതയിൽ മാത്രമാണോ ഇങ്ങനെ പ്രയോഗിക്കാറുള്ളത്? 'മാറ്റാത്തി' യിൽ നിന്നെടുത്തുചേർത്ത ഭാഗം പരിശോധിച്ചുനോക്കൂ. സമാനമായ പ്രയോഗങ്ങൾ ഗദ്യത്തിലും പദ്യത്തിലുമൊക്കെ കാണാം. കണ്ടെത്തി അവതരിപ്പിക്കൂ.

- ''നഗരങ്ങൾ, ചരിതങ്ങ-
  ളൊക്കെയും നീ തന്നെ
  പണിചെയ്തതാണെന്നറിഞ്ഞു.''

  ഇങ്ങനെ ഒരു തിരിച്ചറിവിലേക്ക് എത്താൻ കവിയെ സഹായിച്ചത് എന്തെല്ലാമായിരിക്കാം?

- ''താജ്മഹൽ നിർമിച്ച രാജശില്പി
  ഷാജഹാൻ ചക്രവർത്തി'' - താജ്മഹലിനെക്കുറിച്ചുള്ള ഈ കവിഭാവന,

  ''പല പുസ്തകങ്ങളിൽ
  നിന്നെക്കുറിച്ചുള്ള
  പരമാർഥമേ ഞാൻ തിരഞ്ഞു'' - എന്ന വരിയുടെ അടിസ്ഥാനത്തിൽ
  പരിശോധിക്കുക.

- തൊഴിലാളിയെക്കുറിച്ച് കവി കണ്ടെത്തിയ സത്യങ്ങൾ വായിച്ചല്ലോ. മറ്റെന്തൊക്കെ പരമാർഥങ്ങൾ തൊഴിലാളിയെക്കുറിച്ച് കണ്ടെത്താൻ കഴിയും? കവിതയായി എഴുതിനോക്കൂ.

- കവിതയിലെ വഴിപ്പണിക്കാരനെ പരിചയപ്പെട്ടല്ലോ. അധ്വാനിക്കുന്നവരുടെ മഹത്ത്വം പ്രകടമാക്കുന്ന കവിതാഭാഗങ്ങൾ ശേഖരിച്ച് പതിപ്പാക്കാം.

കഠിനാധ്വാനം അംഗീകരിക്കപ്പെടുകതന്നെ ചെയ്യും.

# ഒരുരുള ചോറ്

**കാ**ട്ടിൽനിന്നിറങ്ങുന്ന ചെമ്മൺവഴി പച്ചപ്പുൽമേട്ടിൽ അവസാനിക്കുന്നു. കുന്നിൻചരിവിലൂടിറങ്ങിയാൽ കുറ്റിച്ചെടികളും പുല്ലും വളർന്നുനിൽക്കുന്ന താഴ്‌വാരം. താഴെ വിത കാത്തുകിടക്കുന്ന പാടങ്ങൾ; ഒരു വശത്തുകൂടിയൊഴുകുന്ന കൈത്തോട്.

ഒരുപാടു നേരത്തെ നടത്തം അവരെ ക്ഷീണിപ്പിച്ചിരുന്നു. കത്തുന്ന വിശപ്പ്. രണ്ടുദിവസമായി വല്ലതും തിന്നിട്ട്. അവർ കൈയും മുഖവും കഴുകി വയറുനിറയെ വെള്ളം കുടിച്ചു. അൽപ്പനേരം ആ തോട്ടുവക്കിൽത്തന്നെ ഇരുന്നു. തണുത്ത കാറ്റു വന്നു തഴുകിയപ്പോൾ ആശ്വാസം തോന്നി.

കാട്ടുതീ കണ്ട് പേടിച്ച് ഒരു രാത്രി ഇറങ്ങി ഓടിയതാണ്. പുറത്തുകടന്നപ്പോൾ തോന്നി, നാടാകെ ഒന്നു ചുറ്റിക്കാണാമെന്ന്. ഇപ്പോഴോ? തിന്നാനും കുടിക്കാനും കിട്ടാതെ കഷ്ടത്തിലുമായി. ആരാണ് ഇത്തിരി ആഹാരം തരുക? അൽപ്പദൂരംകൂടി നടക്കാൻ അവർ തീരുമാനിച്ചു. വരമ്പിലൂടെ നടന്നപ്പോൾ പാടങ്ങളോടു ചേർന്ന് ഒരു വീടും വളപ്പും. വീടിന്റെ പടിക്കൽ നിൽക്കുകയാണ് ഉണ്ണൂലിമുത്തി.

വെളുത്ത മുടി വാരിക്കൂട്ടി നെറുകയിൽ കെട്ടിയിരിക്കുന്നു. കാതിൽ ഊഞ്ഞാലാടുന്ന തോടകൾ. വാത്സല്യം തുളുമ്പുന്ന കണ്ണുകൾ; സ്നേഹം പ്രകാശിക്കുന്ന മുഖം.

പന്നിയും കുറുക്കനും ആ വീടിന്റെ തിണ്ണയിലേക്കു കയറി.

''നിങ്ങളെവിടുന്നു വരുന്നു മക്കളേ, നന്നേ ക്ഷീണിച്ചിരിക്കുന്നല്ലോ...''

മുത്തി അവരെ അകത്തേക്കു വിളിച്ച് ഇരിക്കാൻ ഓലത്തടുക്കു കൊടുത്തു. കൈ കഴുകാൻ ഓട്ടുകിണ്ടിയിൽ വെള്ളം വച്ചു. അൽപ്പനേരത്തിനകം അവരുടെ മുന്നിൽ ഓട്ടുകിണ്ണത്തിൽ ആവിപാറുന്ന പൊടിയരിക്കഞ്ഞിയെത്തി. ഉരുകുന്ന വെണ്ണയുടെ നറുമണം. കാന്താരിമുളകിന്റെ രസികൻ ചമ്മന്തി, കണ്ണിമാങ്ങ, ചുട്ട പപ്പടം. പ്ലാവിലക്കുമ്പിൾ കിണ്ണത്തിൽ മുങ്ങിനിവർന്നുകൊണ്ടിരുന്നു. കൊതിയോടെ അവരാ കഞ്ഞിമുഴുവൻ ഞൊടിയിൽ തീർത്തു. നെറ്റിയിൽനിന്ന് വിയർപ്പ് ചാലിട്ടൊഴുകി.

''ഇനിയും വേണോ മക്കളേ...''

''മതിയേ മതി, മുത്ത്യമ്മേ'' - അവർ തൃപ്തിയോടെ ഏമ്പക്കംവിട്ട് എഴുന്നേറ്റു.

മക്കളില്ലാത്ത മുത്തിയമ്മയ്ക്ക് അവരോടു വല്ലാത്ത അടുപ്പം തോന്നി. തന്റെ കൃഷിനിലങ്ങൾ നോക്കിനടത്താൻ ആരുമില്ല. മുത്തിയമ്മയുടെ പാടത്തു കൃഷിപ്പണി ചെയ്ത് അവിടെക്കൂടാൻ ലഭിച്ച ക്ഷണം കിച്ചനും മിച്ചുവും വളരെ സന്തോഷത്തോടെയാണു സ്വീകരിച്ചത്.

നേരം വെളുത്ത് കഞ്ഞിയും കുടിച്ച് രണ്ടാളും തൂമ്പയും തോളത്തെടുത്ത് പാടത്തേക്കിറങ്ങും. കൊത്തിയും കിളച്ചും മറ്റുപണികൾ ചെയ്തും നേരം അന്തിയാവും. ആദ്യമൊക്കെ കുറുക്കൻ കൂടെനിന്നു സഹായിച്ചിരുന്നു. പിന്നെപ്പിന്നെ അവന്റെ മട്ടുമാറി. പുറപ്പെടുന്നതെല്ലാം ഒരു

മിച്ചുതന്നെ. പാടത്തെത്തിയാൽ മിച്ചു വരമ്പിലൂടെ അങ്ങുമിങ്ങും അലഞ്ഞുനടക്കും. പോടുകളിൽ വാലിട്ട് ഞണ്ടിനെ പിടിച്ച് കറുമുറാ തിന്നും; കറുകപ്പുൽമെത്തയിൽക്കിടന്നു സുഖമായി ഉറങ്ങും.

പാവം കിച്ചൻ! അവൻ ഒരു പരാതിയും പറഞ്ഞില്ല. പണിയെടുക്കുന്നത് അവന് ആനന്ദമായിരുന്നു. അവൻ തൂമ്പകൊണ്ട് വരമ്പു കിളച്ചുമാടി. പാടത്തിനരുകിലൂടെ ചാലുവെട്ടി. നുകമേന്തിയ കരിമ്പോത്തുകൾക്കു പിന്നിൽ കലപ്പത്തണ്ടിലേറി ചേറ്റുവെള്ളം തെറിപ്പിച്ച് പാടമുഴുതുമറിച്ചു.

കൊറ്റികൾ കൂട്ടമായി പാടത്തേക്കു പറന്നുതാഴുകയും ചേറ്റുമീനുകളെ കൊത്തിയെടുത്ത് വരമ്പിലേക്കു തിരികെ പറക്കുകയും ചെയ്തു.

സായാഹ്നത്തിൽ തോട്ടിലെ കുളിർവെള്ളത്തിൽ മുങ്ങിനിവരുമ്പോൾ ക്ഷീണമൊന്നു കുറയും. പണിയായുധങ്ങൾ വൃത്തിയാക്കി കിച്ചൻ മടങ്ങും.


വാലാട്ടിക്കിളികളും മൈനകളും അവനോടു കുശലം ചോദിക്കും. അവന്റെ തോളിലിരുന്ന് മഞ്ഞക്കിളി പാട്ടുപാടും. അവരിടയ്ക്ക് കിച്ചനോടു പറയും:

''എന്തൊരു മടിയനാണു നിന്റെ ചങ്ങാതി! പണിയെല്ലാം നിനക്ക്; തിന്നാൻ മാത്രം അവൻ കൂട്ട്. നിന്റെ മുത്തിയമ്മയോട് നിനക്കു പറഞ്ഞൂടേ?''

ഒന്നും പറയാതെ അവനൊന്നു പുഞ്ചിരിക്കും. പിന്നെ നെടുവീർപ്പിടും.

കിച്ചൻ കുളികഴിഞ്ഞു നടക്കാൻ തുടങ്ങുമ്പോൾ മിച്ചുക്കുറുക്കൻ പാടത്തെ ചേറ്റിലൊന്നുരുളും. പിന്നെ വലിയ ക്ഷീണം ഭാവിച്ച് ഏന്തിവലിഞ്ഞു നടക്കും. വീടെത്തിയാൽ,

''ഹാവൂ, എന്റെ മുത്ത്യമ്മേ ... എന്തൊരു കിളയാ കിളച്ചത്! വിശന്നിട്ടു വയ്യ'' എന്ന് ഒരു മടിയും കൂടാതെ പറയുകയും ചെയ്യും.



കുളിച്ചു വൃത്തിയായി വരുന്ന കിച്ചന്റെ ദേഹത്ത് ഒരു തരി മണ്ണുപോലും കാണില്ല. കിച്ചൻ മടിയനാണെന്നും മിച്ചു പ്രയത്നശാലിയാണെന്നും മുത്തി തെറ്റിദ്ധരിച്ചു. നല്ല ചോറും കറിയുമൊക്കെ കുറുക്കച്ചാർക്ക്; അഞ്ചാറു വറ്റിട്ട കഞ്ഞിവെള്ളം പാവം പന്നിക്കുട്ടനും. നീറുന്ന മനസ്സോടെ, ഒരു മറുവാക്കും പറയാതെ കിച്ചൻ ആ കഞ്ഞിവെള്ളം കുടിക്കും. മുഴുവൻ മാറാത്ത വിശപ്പുമായി കിച്ചൻ തിരിഞ്ഞുമറിഞ്ഞു കിടക്കുമ്പോൾ മിച്ചു പറയും: ''എന്തൊരു സ്വാദുള്ള കറി!''

''എടാ മണ്ടാ, നിനക്കെന്നെക്കണ്ടു പഠിച്ചൂടേ? എന്തിനാണിങ്ങനെ പാടുപെടുന്നത്? ഇതൊക്കെ ആരു കാണാൻ?''

ചിലപ്പോൾ കിച്ചൻ ഒന്നും പറയില്ല. അവൻ മന്ത്രിക്കും:

''നമുക്കൊരു മനസ്സും മനസ്സാക്ഷിയുമില്ലേ മിച്ചൂ...''

ദിവസങ്ങൾ കഴിയവെ മിച്ചുക്കുറുക്കൻ കൊഴുത്തു തടിച്ചുവന്നു. കിച്ചന്റെ കണ്ണുകൾ കുഴിയിലായി. പഴയപോലെ പണിയെടുക്കാൻ വയ്യെന്നായി. നടക്കുമ്പോൾ അവൻ കിതയ്ക്കാൻ തുടങ്ങി. ഇതെല്ലാം കണ്ട് മുത്തിയമ്മയ്ക്ക് ആകപ്പാടെ ഒരു പന്തികേടുതോന്നി. ഒരുനാൾ അവർ വേഷംമാറി കിച്ചനും മിച്ചുവും അറിയാതെ അവരെ പിന്തുടർന്നു; അവിടെ നടക്കുന്ന കാര്യങ്ങൾ കണ്ട് അമ്പരന്നു.

അന്നും കിച്ചനെ ഉപദേശിച്ച മഞ്ഞക്കിളിയോട് അവൻ പറഞ്ഞു:

''എനിക്കു മുത്തിയമ്മയെ വഞ്ചിക്കാൻ വയ്യ; കൂട്ടുകാരനെ ഒറ്റുകൊടുക്കാനും എനിക്കാവില്ല.''

പശ്ചാത്താപവും വേദനയും കൊണ്ട് ഉണ്ണൂലിമുത്തിയുടെ നെഞ്ചു വെന്തു. അന്നു കിച്ചൻ കുളിച്ചുവരുന്നതിൻമുമ്പേ ഒരു വലിയ ഓട്ടുകിണ്ണത്തിൽ ഉപ്പും നെയ്യും ചേർത്തു കുഴച്ച, ചൂടുള്ള ചോറുമായി അവർ കാത്തിരിക്കാൻ തുടങ്ങി. 'ഹാവൂ' എന്നു പറഞ്ഞ് തിണ്ണയിൽ വന്നിരുന്ന കിച്ചനു മുമ്പിൽ ചോറ്റുരുളയുമായി അവർ ചെന്നു. അത്ഭുതം കൂറുന്ന മിഴികളുമായി ഇരുന്ന അവന് ഉണ്ണൂലിമുത്തി ഒരുരുള നെയ്ച്ചോറു നീട്ടി. ഒരു കുഞ്ഞിനെപ്പോലെ അവൻ വാ തുറന്നു. ആ ചോറുരുള നുണഞ്ഞിറക്കുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. മുത്തിയുടെ കണ്ണുകളും നനഞ്ഞിരുന്നു.

അൽപ്പനേരത്തിനുശേഷം ചേറുപുരണ്ട ശരീരവുമായെത്തിയ കുറുക്കൻ, മുത്തിയമ്മ കിച്ചനെ ഊട്ടുന്നതു പടിക്കൽനിന്നുതന്നെ കണ്ടു. തന്റെ കള്ളി പൊളിഞ്ഞെന്നു സൂത്രശാലിയായ അവൻ ഉടൻ തിരിച്ചറിഞ്ഞു. ഒരു ഞൊടി പാഴാക്കാതെ അവൻ തിരിഞ്ഞോടാൻ തുടങ്ങി.

''മിച്ചൂ ... നിൽക്കെടാ ...''

മുറ്റത്തേക്കു ചാടിയിറങ്ങി കിച്ചു വിളിച്ചു. പക്ഷേ, അവൻ കുന്നിനെ ലക്ഷ്യം വച്ച് ഓടിക്കൊണ്ടേയിരുന്നു.

***നാടോടിക്കഥ***

- മഞ്ഞക്കിളി പലതവണ പറഞ്ഞിട്ടും കുറുക്കന്റെ കാപട്യം മുത്തിയമ്മയോടു വെളിപ്പെടുത്താൻ കിച്ചൻ തയാറാവുന്നില്ല. സുഹൃത്തിനെ ഒറ്റുകൊടുക്കാൻ കഴിയില്ലെന്നാണ് അവന്റെ ന്യായം. കിച്ചന്റെ ഈ നിലപാടിനോടു നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം എഴുതുക.
- കഥയിലെ കിച്ചനും മിച്ചുവും കേവലം മൃഗങ്ങളല്ല. നമ്മുടെ സമൂഹത്തിൽ കാണുന്ന രണ്ടുതരം സ്വഭാവങ്ങളെയാണ് ഇവർ പ്രതിനിധാനം ചെയ്യുന്നത്- ചർച്ചചെയ്യുക, ആസ്വാദനക്കുറിപ്പ് തയാറാക്കുക.
- മുത്തിയുടെ രൂപം വർണിക്കുന്ന ഭാഗം വായിച്ചല്ലോ. പാടത്തുനിന്നു ക്ഷീണിച്ചുവരുന്ന കിച്ചന്റെ വാങ്മയചിത്രം എഴുതാം.
- ''പലനാൾ കള്ളൻ ഒരുനാൾ പിടിയിൽ'' എന്ന പഴഞ്ചൊല്ലിന്റെ ആവിഷ്കാരമാണ് ഈ കഥ- പരിശോധിക്കൂ. ഇതുപോലെ ഏതെങ്കിലുമൊരു പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി ഒരു കഥ രചിക്കാം.

# തൂപ്പുകാരി

**ഹാ**രിയല്ലിവളുടെ രൂപമെന്നാലീത്തൂപ്പു-
കാരിതൻ മലിനമാം കരത്തിൻ വിശുദ്ധിയോ!

ഇപ്പുരീമുഖത്തിങ്കൽച്ചിതറിക്കാണാകുന്ന
ചപ്പുകൾ, ചവറുകൾ, അളിഞ്ഞ ശവങ്ങളും

നൂതനദിനത്തിന്റെ ചെങ്കതിർ ചുംബിക്കുന്ന
പൂതമാം പുരികത്തിൽ വേർപ്പുകൾ പൊടിയവേ,

തൻ കരത്തിനാൽ വാർന്നുകെട്ടിയ ചൂലാൽ പാത-
യിങ്കൽനിന്നകറ്റുന്നൂ തെരുവിക്കിളിക്കൊൾകെ:

നന്നായി, സഹോദരീ, നന്ന്; നിൻ പുരികത്തിൽ
മിന്നുമീ മുത്തിൻ നറുംപൊടികൾക്കേലും തൂമ

മാളികപ്പുറത്തെഴും കൊച്ചമ്മമാർതൻ ഹാര-
പാളികൾ കൊതിക്കണം ജനസേവനവ്യഗ്രേ!

തൂലികത്തുമ്പാൽ മ്ലാനചിത്രത്തെ മനോധർമ-
ശാലിയാമൊരു കലാകാരിയെന്നതുപോലെ,

പുതുക്കിമിനുക്കി നീ പട്ടണം; പുരീമുഖ-
മതുലാരോഗ്യശ്രീതൻ കൈക്കൊരു വാൽക്കണ്ണാടി!

വന്നു നീ പിറന്നെങ്കിൽക്കവിതൻ ഹൃദന്തത്തി-
ലെന്നുമുത്തമസ്നിഗ്ധഭാവനാരൂപം നേടി!

***ജിയുടെ കവിതകൾ (സമ്പൂർണം)*** ***ജി. ശങ്കരക്കുറുപ്പ്***



- കവിതയിലെ തൂപ്പുകാരിക്കും വൈലോപ്പിള്ളിയുടെ 'കാക്ക' എന്ന കവിതയിലെ കാക്കയ്ക്കും പല കാര്യങ്ങളിലും സമാനതകളുണ്ട്. താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
- തൂപ്പുകാരി നഗരം വൃത്തിയാക്കുന്നതിനെ ചിത്രകാരിയുടെ പ്രവർത്തനത്തോടു ബന്ധപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കൂ. ഇതു കവിതയുടെ ഭംഗി വർധിപ്പിക്കുന്നതിൽ ഏതെല്ലാം തരത്തിൽ സഹായിക്കുന്നു? വിശകലനം ചെയ്യുക.
- ''ഹാരിയല്ലിവളുടെ രൂപമെന്നാലീത്തൂപ്പു-<br>കാരിതൻ മലിനമാം കരത്തിൻ വിശുദ്ധിയോ!''

  – രണ്ടു വരികളിലെയും രണ്ടാമത്തെ അക്ഷരം പരിശോധിക്കുക. ഇതു കവിതയ്ക്ക് എന്തു പ്രത്യേകതയാണു നൽകുന്നത്? ഇത്തരത്തിൽ കൂടുതൽ വരികൾ കണ്ടെത്തി എഴുതുക.
- കുഞ്ഞമ്മച്ചേച്ചിയെപ്പോലെ, കവിതയിലെ തൂപ്പുകാരിയെപ്പോലെ ലോകക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന ധാരാളം പേർ നമുക്കു ചുറ്റുമുണ്ട്. നിങ്ങൾക്കു പരിചയമുള്ള അത്തരമൊരാളുടെ ലഘുജീവചരിത്രം തയാറാക്കുക. സംഭവങ്ങൾക്കാണു പ്രാധാന്യം നൽകേണ്ടത്.

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.